**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2926** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ മത്സ്യവ്യാപാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഫെഡ് വഴി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച ഓൺലൈൻ മത്സ്യവ്യാപാരം വിജയപ്രദമാണോ; വിശദാംശം നൽകുമോ; ഇതിലെ ഗുണഭോക്താക്കളായ വ്യാപാരികളെ കണ്ടെത്തുന്നതെങ്ങനെയാണ്; ഇതുമൂലം എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ 2020 നവംബർ 6-ന് മത്സ്യഫെഡിന്റെ ഓൺലൈൻ മത്സ്യവിപണനം 'മത്സ്യഫെഡ് ഫ്രഷ് മീൻ' എന്ന പേരിൽ ആനയറയിൽ പ്രവർത്തനം ആരംഭിക്കുകയും, വെബ്സൈറ്റ്/ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം ഉപഭോക്താക്കളെ കണ്ടെത്തുകയും ചെയ്യുന്നു. ടി സ്ഥാപനത്തിൽ 14 തൊഴിലവസരങ്ങളാണ് നിലവിൽ സൃഷ്ടിച്ചിട്ടുള്ളത്. നിലവിൽ സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത സേവനം മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ; | (ബി) | എല്ലാ ജില്ലകളിലും ഓൺലൈൻ മത്സ്യ വിപണനം ആരംഭിക്കുന്നത് പരിശോധിച്ച് വരുന്നു . തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് സമുദ്ര പദ്ധതി മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നത് പരിശോധിക്കുന്നതാണ് . നിലവിൽ ഒരു ബസിന് പ്രതിവർഷം 22.5 ലക്ഷം രൂപ ചെലവ് വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ 3 സമുദ്ര ബസ് സർവ്വീസുകൾ മുഖേന ഏകദേശം 150 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് നേരിട്ട് പ്രതിദിനം പ്രയോജനം ലഭിക്കുന്നുണ്ട്. കൂടാതെ ഒരു ബസിന് രണ്ട് ഡ്രൈവർ എന്ന കണക്കിൽ 6 പേർക്ക് തൊഴിലും ലഭിക്കുന്നുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി.യുമായി സഹകരിച്ച് നടത്തുന്ന സമുദ്ര പദ്ധതി മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിന് എത്ര ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; എത്ര ഗുണഭോക്താക്കൾക്ക് ഇതുമൂലം തൊഴിലും സേവനവും നൽകാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (സി) | എല്ലാ ജില്ലകളിലും ഓൺലൈൻ മത്സ്യ വിപണനം ആരംഭിക്കുന്നത് പരിശോധിച്ച് വരുന്നു . തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് സമുദ്ര പദ്ധതി മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നത് പരിശോധിക്കുന്നതാണ് . നിലവിൽ ഒരു ബസിന് പ്രതിവർഷം 22.5 ലക്ഷം രൂപ ചെലവ് വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ 3 സമുദ്ര ബസ് സർവ്വീസുകൾ മുഖേന ഏകദേശം 150 |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് നേരിട്ട് പ്രതിദിനം പ്രയോജനം ലഭിക്കുന്നുണ്ട്. കൂടാതെ ഒരു ബസിന് രണ്ട് ഡ്രൈവർ എന്ന കണക്കിൽ 6 പേർക്ക് തൊഴിലും ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ